**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് - കെട്ടിടങ്ങളുടെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. അവസാന ഘട്ട പ്രവൃത്തികളായ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.<br><br>1. ഫേസ് 1 മുതൽ 5 വരെയുള്ള 199 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ അകത്തും പുറത്തും ഉള്ള പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തിയായി.<br><br>2. ഫേസ് 4, 5 ൽ ഉൾപ്പെട്ട 72 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയായി.<br><br>3. ഫേസ് 4, 5 ൽ ഉൾപ്പെട്ട 72 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ പ്ലംബിംഗ് വർക്ക് ആരംഭിച്ചിട്ടുണ്ട്.<br><br>4. ഫ്ലാറ്റ് സമുച്ചയത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. റീസർവ്വേ പൂർത്തിയാക്കിയാൽ ഉടൻ തന്നെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. റീസർവ്വേ നടത്തുന്നതിനായി അമ്പലപ്പുഴ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>5. ജല വിതരണത്തിനായുള്ള ഓവർ ഹെഡ് ടാങ്ക്, വൈദ്യുതീകരണ സംവിധാനങ്ങൾ എന്നിവയുടെ സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. വൈദ്യുതീകരണത്തിനായി വൈദ്യുത പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നും അവ | (ബി) | നിലവിൽ ഫ്ലാറ്റുകളുടെ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ്, പ്ലമ്പിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ അനുബന്ധ |

| | | | |
|---|---|---|---|
| | പൂർത്തിയാക്കി എന്നത്തേക്ക് ഫ്ലാറ്റുകളിൽ താമസം സാധ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | | പ്രവൃത്തികളായ ചുറ്റുമതിൽ നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം, ലാന്റ് ഫില്ലിംഗ്, റോഡ് നിർമ്മാണം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവയും പൂർത്തീകരിക്കേണ്ടതുണ്ട്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് 2024 മെയ് മാസത്തോടെ ഫ്ലാറ്റുകളിൽ താമസം സാധ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ